**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6569** | **11-11-2021 - ൽ മറുപടിയ്ക്ക്**

**അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷിക്കായി പലിശരഹിത വായ്പയെടുക്കുകയും ഫസൽ ഭീമായോജന ഇൻഷ്വറൻസ് പ്രീമിയം നൽകുകയും ചെയ്ത പാലക്കാട് ജില്ലയിലെ ഭൂരിഭാഗം കർഷകർക്കും 2019 ലെ രണ്ടാം വിളയുടെയും 2020 ലെ ഒന്നാം വിളയുടെയും വിള നാശത്തിനുള്ള ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ ബന്ധപ്പെട്ട ഇൻഷ്വറൻസ് കമ്പനി വിതരണം ചെയ്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദമായ അന്വേഷണം നടത്തുമോ; | (എ) | കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ഭീമ യോജന (PMFBY), പുനരാവിഷ്കൃത കാലാവസ്ഥ വിള ഇൻഷ്വറൻസ് പദ്ധതിയും (RWBCIS) കേരളത്തിൽ നടപ്പിലാക്കുന്നത് കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ ലിമിറ്റഡ് (AICIL) ആണ്. കർഷകർക്ക് പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനിയോട് വിവരം അന്വേഷിച്ചതിൽ, നഷ്ടപരിഹാരം ലഭിക്കേണ്ട വളരെയധികം കർഷകരുടെ അക്കൗണ്ടുകൾ പ്രാഥമിക സഹകരണ ബാങ്കുകളിലാണെന്നും കേരള ബാങ്ക് രൂപീകരണത്തിന്റെ ഭാഗമായി IFSC കോഡ് നൽകുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് കർഷകരുടെ അക്കൗണ്ടുകളിൽ DBT മുഖേന തുക വരവ് വയ്ക്കുന്നതിന് തടസ്സം ഉണ്ടായതെന്നും അതുവഴി നിരവധി കർഷകർക്ക് അയച്ച നഷ്ടപരിഹാര തുക തിരികെ വന്നതായും ഇൻഷ്വറൻസ് കമ്പനി അറിയിച്ചു. പദ്ധതി നിർവ്വഹണ ഏജൻസിയായ AICIL അറിയിച്ചതിൻപ്രകാരം പാലക്കാട് ജില്ലയിലെ കർഷകർക്ക് അർഹമായ 22.23 കോടി രൂപയും (റാബി 2019ലെ) 60.670 കോടി രൂപയും (ഖാരിഫ് 2020) യഥാക്രമം 2021 ജൂൺ, സെപ്റ്റംബർ മാസങ്ങളിൽ കർഷകർ പദ്ധതി പോർട്ടലിൽ രേഖപ്പെടുത്തിയ അക്കൗണ്ട് നമ്പരിലേക്ക് വരവ് വയ്ക്കുകയുണ്ടായെങ്കിലും റാബി 2019ലെ 14.94 കോടി രൂപയും ഖാരിഫ് 2020ലെ 33.36 കോടി രൂപയും തിരികെ വരികയുണ്ടായി. പ്രസ്തുത വിഷയം കൃഷി ഡയറക്ടർ കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥരുമായിട്ടുള്ള വീഡിയോ കോൺഫറൻസിൽ ഉന്നയിക്കുകയും തുടർന്ന് |

| | | | |
|---|---|---|---|
| | | | ആയത് രേഖാമൂലം കേന്ദ്ര സർക്കാരിന് അറിയിക്കുകയും ചെയ്തു. തുടർന്ന് നഷ്ടപരിഹാരം കർഷകർക്ക് DBT മുഖേന മാത്രമേ നൽകുകയുള്ളൂ എന്ന നയത്തിന്റെ കൂടി അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ ലിമിറ്റഡിന് (AICIL) കർഷകരുടെ ആധാർ വിവരങ്ങൾ ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2021 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ആധാർ അധിഷ്ഠിത പേയ്മെന്റ് നടത്തുകയുണ്ടായി എന്നും അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി അറിയിച്ചിട്ടുണ്ട്. |
| (ബി) | എത്ര കർഷകർക്കാണ് ഇനിയും തുക നൽകാനുള്ളതെന്നും എത്ര തുകയാണ് നൽകേണ്ടതെന്നും വിശദമാക്കുമോ; | (ബി) | കേന്ദ്രസർക്കാർ ഇൻഷ്വറൻസ് കമ്പനിക്ക് കർഷകരുടെ ആധാർ വിവരങ്ങൾ ലഭ്യമാക്കിയതിനെ തുടർന്ന് ഇൻഷ്വറൻസ് കമ്പനി തിരികെ വന്ന റാബി 2019ലെ 14.94 കോടി രൂപയും ഖാരിഫ് 2020ലെ 33.36 കോടി രൂപയും 2021 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ആധാർ അധിഷ്ഠിത പേയ്മെന്റ് നടത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. അപ്രകാരം വീണ്ടും അയച്ച തുകയിൽ കർഷകരുടെ അക്കൗണ്ടിൽ വരവ് വയ്ക്കാൻ സാധിക്കാതെ തിരികെ വന്നിട്ടുള്ളതിന്റെ വിവരങ്ങൾ ഇൻഷ്വറൻസ് കമ്പനിയുടെ പങ്കാളിത്ത ബാങ്കായ ആക്സിസ് ബാങ്കിൽ നിന്നും ലഭിക്കേണ്ടതുണ്ട് എന്ന് അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ ലിമിറ്റഡ് (AICIL) അറിയിച്ചിട്ടുണ്ട്. |
| (സി) | അർഹരായ മുഴുവൻ കർഷകർക്കും അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | അർഹരായ മുഴുവൻ കർഷകർക്കും ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ ലിമിറ്റഡ് (AICIL) സ്വീകരിക്കണമെന്ന കർശന നിർദ്ദേശം കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ